# 2018 MMVS STUFF

## Theme of the year:

Rev. 21:6, 7

"I will give of the fountain of the water of life freely to him who thirsts. He who overcomes shall inherit all things, and I will be his God and he shall be My Son."

"ദാഹിക്കുന്നവന് ഞാൻ ജീവ നീരുറവയിൽ നിന്ന് സൗജ
ന്യമായിക്കൊടുക്കും. ജയിക്കുന്നവന് ഇത് അവകാശ
മായി ലഭിക്കും; ഞാൻ അവന് ദൈവവും അവനെനിക്ക്
മകനുമായിരിക്കും" (വെളിപാട് 21: 6,7).

| ESSAY COMPETITION | |
|---|---|
| **Date** | April 14, 2018 – 9:00AM – 9:30AM |
| **Topic** | "The greatness of Monasticism in Eastern Orthodox Perception with respect to its Origin, Growth and Contributions to the Church".<br>"പൗരസ്ത്യ സഭയിൽ സന്യാസ പ്രസ്ഥാനത്തിന്റെ ഉത്ഭവവും, വളർച്ചയും അതിന്റെ സഭയ്ക്കുള്ള സംഭാവനകളും അടിസ്ഥാനപ്പെടുത്തി മാഹാത്മ്യം വെളിപ്പെടുത്തുക." |

| TALENT COMPETITION | |
|---|---|
| **Dates** | Church: April 14 10:00AM – 1:00PM<br>Regional: |
| **Events** | Solo Song English, Solo Song Malayalam, Group Song Malayalam, Elocution English, Elocution Malayalam |
| **Group Song** | All Items by heart<br>Ages ***18-40, 41-and above***<br>Group Song: 2 – 5 members. 3 songs will be given, they can select any one.<br>Has to be in the tune presented in<br>1. https://youtu.be/AP-vYZmglM Q<br>2. https://youtu.be/5c0Q9BEFwN o<br>3. https://youtu.be/SKO6R17h_9 g |
| **All Others** | All Items by heart<br>Ages ***18-40, 41- 60, 60 and above***<br>Solo Song: Minimum 3 min. Any Christian Devotional Song<br>Elocution: 5 min. **On Theme of the year. Revelations 21:6-7** |

<table>
<tr><td rowspan="4">Group Songs</td><td><u>Group Song 1</u><br>അനുബന്ധം 14<br>കുക്കിലിയോനു പകരം ചൊല്ലാവുന്ന ഗീതങ്ങൾ<br>(ബക്യെംതെ ദ്മൽക്കോ മ്ശ്ഹോ)<br>മശിഹാരാജോത്ഥാനത്താൽ<br>നേടീടേണം പുണ്യം നാം<br>സ്ലീബായാൽ രക്ഷിച്ചോനാം<br>ദൈവസുതാ നീ പരിശുദ്ധൻ<br>എന്നേവം വിശ്വാസത്തോ-<br>ടോതീടാം ഹാലേലുയ്യാ.<br>മാതാ കാദീശന്മാർക്കും<br>വിശ്വാസം പാലിച്ചോരായ്<br>ഭൂവാസം കൈവിട്ടോർക്കും<br>ഓർമ്മക്കൗന്നത്യം ചേർത്തോൻ<br>പരിശുദ്ധൻ നീ പരിശുദ്ധൻ<br>പരിശുദ്ധൻ ഹാലേലുയ്യാ.<br>നമ്മോടൊപ്പം ബസ്കുദിശിൽ<br>നിൽക്കും സ്വർഗ്ഗീയം സൈന്യം<br>ദേവേശൻ തൻ തനയന്റെ<br>ഗാത്രത്തെ ആഘോഷിപ്പൂ<br>വരുവിൻ പുണ്യം പ്രാപിപ്പിൻ<br>ഹാലേലുയ് ഹാ-ലേലുയ്യാ.<br>താതന്മാർ നേതാക്കന്മാർ<br>മാതാക്കൾ ഭ്രാതാക്കന്മാർ<br>നിൻ യാഗത്തിൻ പീഠത്തിൽ<br>ഓർക്കപ്പെട്ടീടുന്നീശാ<br>നിർത്തണമവരെ നിൻവരവിൽ<br>നിൻ വലമായ് ഹാലേലുയ്യാ.</td><td><u>Group Song 2</u><br>മൽക്കൂസ്റൗമൊ<br>വാഴ്‌വേറ്റബ്രാഹാം--താതൻ തൻ ഭവനം<br>മൂന്നു പുമാന്മാരാൽ<br>സാക്ഷാൽ മണവാളൻ മശിഹാ<br>സക്കായ് ഭവനത്തെ വാഴ്ത്തി<br>സ്വാരാധകരേ--റിയവീട്ടിൽ--ത്രിത്വം വാണീടണമേ നൽ--<br>തലമുറയാ--ലിതു വാഴ്ത്തപ്പെടണം.<br>ഏവൻഗേല്യോനിൽ--മോറാൻ ശിഷ്യരൊടായ്<br>ചൊല്ലികേട്ടേൻ ഞാൻ<br>കൈക്കൊൾവൂനിങ്ങളെ വീടേ--<br>താവീ--ടെന്നെ കൈക്കൊൾവൂ<br>അബ്രാഹാമിൻഭവനംപോൽ--ഞങ്ങളണഞ്ഞൊരു ഭവനത്തെ<br>രക്ഷകനേ!--വാഴ്ത്തുക തൃക്കൈയ്യാൽ.<br>ബാറെക്മോർ-ശുബഹൊ-<br>ശൂന്യാരണ്യത്തിൽ--നേടി സംതൃപ്തി,<br>ജനമഞ്ചപ്പത്താൽ<br>ശ്രേഷ്ഠാ--ചാര്യന്മാരാർന്നോ--<br>രീഗേ--ഹത്തെയുമതിനുള്ളിൽ<br>പാർപ്പോരെയും രക്ഷകനേ! തൃക്കൈയ്യാൽ വാഴ്ത്തണമേ നൽ<br>തലമുറയാ--ലിതു വാഴ്ത്തപ്പെടണം<br>മെനഓലം....<br>ഏ--ലിയാവീ--ന്നാശീർവാദത്താൽ; വിധവാഗേഹത്തിൽ<br>കുംഭ-ത്തിൽ ധാന്യപ്പൊടിയും<br>കൊമ്പിൽ തൈലവുമറ്റില്ല<br>ആ വരമാർന്നീടട്ടെ നിൻ--ഭക്തരണഞ്ഞൊരുഭവനം നൽ<br>തലമുറയാ--ലിതു വാഴ്ത്തപ്പെടണം<br>മൊറിയൊ.....</td></tr>
<tr><td colspan="2">Group Song 3</td></tr>
<tr><td>കോലോ<br>(കൂക്കോയൊ)<br>ന്യായാധിപ നിലയം വഴിയായ്-ഞാൻ പോയീടുമ്പോൾ<br>കണ്ടേനൊരു പീഡകനേയും-പീഡിതനേയും ഞാൻ<br>നിന്നാൻവലമായ്-മർദ്ദനമേൽക്കുന്നോൻ<br>മറുഭാഗത്തായ്-മർദ്ദിക്കുന്നോനും<br>പീഡകനാകാതെൻ നാഥാ!ഞാൻ പീഡിതനായി</td><td>പീഡകരേൽക്കും വിധിയീന്നും-രക്ഷിതനാകേണമേ<br>ഹാലേ.....ഹാലേ..... ബാറെക്മോർ-ശുബഹൊ.....<br>വിധികാര്യം ചിന്തിച്ചയ്യോ-വിറകൊള്ളുക പാപീ<br>ഖേദത്തോടുതപിക്കുക നീ -അവസരമുളളപ്പോൾ<br>തൽസമയം നിൻ-പ്രാർത്ഥന കൈക്കൊള്ളും<br>അങ്ങു സുഖിപ്പാ-നിങ്ങഭ്യർത്ഥിക്ക<br>ഹാ! നിന്നാത്മത്തെ മരണം-പിടികൂടുന്നേരം<br>നിൻ യാചനയും കണ്ണീരും-പാഴായ്പോം നൂനം<br>ഹാലേ....ഹാലേ..... മെനഓലം....<br>രാവും പകലും ദൈവത്തിൻ-വാതിൽ പാപിക്കും<br>അനുതാപിക്കും നല്ലവനും-ദുഷ്ടനുമഭിമുഖമായ്<br>സ്ഥിതിചെയ്യുന്നെ-ന്നേവം പാപിനിയാം<br>സ്ത്രീയും തന്നെ-തള്ളിയ ശീമോനും<br>തന്നെ പ്രതി മൃതിയേറ്റോരാം-നൽ സഹദേൻമാരും<br>രാജ്യം നേടിയ മോഷ്ടാവും-സാക്ഷിച്ചീടുന്നു<br>മൊറിയോ....<br>ഹാലേ....ഹാലേ....</td></tr>
</table>

| QUIZ COMPETITION | |
|---|---|
| **Date** | |
| **Description** | With Regional Competition and Regional Conference |
| **Material** | New Testament: Rev. Chapters 15 -22<br>Old Testament : 1st King Chapters 12-22<br>Church History: A.D 1912 – 1958<br>Ancient Fathers:<br>1. St. Yulithi and St. Kuriakose<br>2. St. Antony the Great (Founder of Monastism) |

| MMVS ANNUAL CONFERENCE | |
|---|---|
| **Date** | September 28-30 |
| **Venue** | **St. Mary's Valiyapally, Dallas, TX**<br>14133 Dennis Ln<br>Farmers Branch, TX 75234 |
| **Agenda** | Speakers to be decided later<br>Quiz Competition |

| EXAMINATION | |
|---|---|
| **Date** | November 11, 2018 - Sunday |
| **Venue** | |
| **Description** | 2-hr Written Exam Consists of Multiple Choice, Fill-In-The-Blanks and short answer |
| **Topics** | Bible Study, Faith Study, Prayer, Song and Memorization of Bible Verses |
| | |
| **Bible Study** | Revelations Chapters 15 – 22 |
| **Faith Study** | Holy Qurbana |
| **Prayer** | **മരിച്ചവർക്കുവേണ്ടി**<br>നിദ്രപ്രാപിച്ചവരായ ഞങ്ങളുടെ പിതാക്കന്മാർക്കും സഹോദരന്മാർക്കും ആശ്വാസവും നല്ല ഓർമ്മയും നീ നൽകണമെ. കർത്താവേ! നിന്റെ ആരാധകരെ വിശുദ്ധന്മാരുടെ സംഘങ്ങളിലും നിരകളിലും ചേർക്കണമേ. നീ നിന്റെ സിംഹാസനത്തിൻമേൽ ഇരിക്കുകയും നല്ലവരെ ദുഷ്ടന്മാരിൽ നിന്ന് വേർതിരിക്കുകയും ചെയ്യുന്ന സമയത്തു ന്യായാസനത്തിങ്കൽ അവർക്ക് നിന്റെ കരുണ ലഭിക്കുമാറാകട്ടെ. നിന്റെ മഹത്വം വെളിപ്പെടുന്ന നാളിൽ അവർ നിന്റെ വലതുഭാഗത്തു നിൽക്കുകയും ചെയ്യുമാറാകണമേ..<br>മൊറിയൊ... |

<table>
<tr>
<td>Song</td>
<td colspan="2">1. പ്രാതഃകാലത്തിൽ-ധൂപം വയ്ക്കുമ്പോൾ<br>ദൂതന്മാർ വാനിൽ-സ്തോത്രം പാടുന്നു.<br>പാപം പൂണ്ടോർക്കായ്-മോചിപ്പിൻ ധൂപം<br>പട്ടക്കാരീശ-ന്നർപ്പിച്ചീടുന്നു.<br>ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ<br>നാഥാ യാചിപ്പിൻ-സാഫല്യം നൽക.<br><br>2. കാലത്തേ അഹറോൻ-കർത്തൃപ്രീതിക്കായ്<br>ധൂപത്തോടാർന്നാൻ-സംശുദ്ധസ്ഥാനം<br>സൗരഭ്യം കൈക്കൊണ്ടീശൻ മോദിച്ചു<br>ദ്വേഷം പൂണ്ടോരെ-കാത്താൻ നിർബ്ബാധം.<br>ഹാലേലുയ്യാ-ഉ ഹാലേലുയ്യാ<br>ദേവാ! നിന്നൻപാൽ-ക്രോധം നീക്കേണം.<br><br>3. ഊറ്റുങ്കൽ ചെന്ന്-നീരിന്നർത്ഥിച്ച്<br>ശമ്രായസ്ത്രീയെ-വീണ്ടോനേ സ്തോത്രം!<br>നീരങ്ങർത്ഥിച്ചു-സ്ത്രീ തന്നില്ലേതും<br>ദിവ്യം പാനീയം-നീ ദാനം ചെയ്തു.<br>ഹാലേലുയ്യാ-ഉ ഹാലേലുയ്യാ<br>നിൻ രക്തം മൂലം-ലോകം നീ വീണ്ടു.<br><br>4. നിൻ പേർക്കർപ്പിച്ചോ-രീ ധൂപം ശുദ്ധം<br>അഹറോന്റേതൊപ്പം-നിൻ പ്രീതിക്കാക<br>ദ്വേഷം പൂണ്ടോർതൻ-നാശം തീർത്തോനേ<br>ത്വൽ കാരുണ്യത്താൽ-ക്രോധം നീക്കേണം.<br>ഹാലേലുയ്യാ-ഉ ഹാലേലുയ്യാ<br>ദേവാഗാരേ നിൻ ശൈനോ വാഴട്ടെ.</td>
</tr>
<tr>
<td>Memorization of Bible Verses</td>
<td>English<br><br>Revelations 15:4 Who shall not fear You, O Lord, and glorify Your name? For You alone are holy . For all nations shall come and worship before You, For Your judgments have been manifested.”<br><br>Revelations 16:7 And I heard another from the altar saying, “Even so, Lord God Almighty, true and righteous are Your judgments.”<br><br>Revelations 19:1 After these things I heard a loud voice of a great multitude in heaven, saying, “Alleluia! Salvation and glory and honor and power belong to the Lord our God!<br><br>Revelations 19:8 And to her it was granted to be arrayed in fine linen, clean and bright, for the fine linen is the righteous acts of the saints.<br><br>Revelations 20:6 Blessed and holy is he who has</td>
<td>Malayalam<br><br>വെളിപാട് 15: 4 : കർത്താവേ, ആര് നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്ത്വപ്പെടുത്താതെയും ഇരിക്കു? നീയല്ലോ ഏക പരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങി വന്നതിനാൽ സകല ജാതികളും വന്നു തിരുസന്നിധിയിൽ നമസ്കരിക്കും.<br><br>വെളിപാട് 16: 7 : അതെ; സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ എന്ന് പറയുന്നത് ഞാൻ കേട്ടു.<br><br>വെളിപാട് 19: 1 : അനന്തരം ഞാൻ സ്വർഗ്ഗത്തിൽ വലിയോരു പുരുഷാരത്തിന്റെ മഹാഘോഷം പോലെ കേട്ടത്: ഹല്ലേലൂയ്യാ! രക്ഷയും| മഹത്ത്വവും ശക്തിയും നമ്മുടെ ദൈവത്തിനുള്ളത്.<br><br>വെളിപാട് 19: 8 : അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവർത്തികൾ തന്നെ.</td>
</tr>
</table>

| | | |
|---|---|---|
| | part in the first resurrection. Over such the second death has no power, but they shall be priests of God and of Christ, and shall reign with Him a thousand years. | **വെളിപാട് 20:6** : ഇത് ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരമില്ല; അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതൻമാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ട് വാഴും. |
| | Revelations 21:1 Now I saw a new heaven and a new earth, for the first heaven and the first earth had passed away. Also there was no more sea. | **വെളിപാട് 21:1** : ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. |
| | Revelations 21:14 Now the wall of the city had twelve foundations, and on them were the names of the twelve apostles of the Lamb | **വെളിപാട് 21:14** : നഗരത്തിന്റെ മതിലിനു പന്ത്രണ്ട് അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരുടെ പന്ത്രണ്ട് പേരും ഉണ്ട്. |
| | Revelations 21:27 But there shall by no means enter it anything that defiles, or causes an abomination or a lie, but only those who are written in the Lamb's Book of Life. | **വെളിപാട് 21:27** : കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായത് യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല. |
| | Revelations 22:16 “I, Jesus, have sent My angel to testify to you these things in the churches. I am the Root and the Offspring of David, the Bright and Morning Star.” | **വെളിപാട് 22:16** : യേശു എന്ന ഞാൻ സഭകൾക്കു വേണ്ടി നിങ്ങളോട് ഇത് സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു; ഞാൻ ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമാകുന്നു. |
| | Revelations 22:17 And the Spirit and the bride say, “Come!” And let him who hears say, “Come!” And let him who thirsts come. Whoever desires, let him take the water of life freely. | **വെളിപാട് 22:17** : വരിക എന്ന് ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: വരിക എന്ന് പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ. |